milma

**Kerala Co-operative Milk Marketing Federation Limited**
**Cattle Feed Plant, Malampuzha P.O., Palakkad-678 651**
**Tel: 0491-2816301, 2816313, e-mail: cfm@milma.com**
**GST No.32AAAAK5375M6ZB**

No:CFP-M/PER/35/2025/2196 07.06.2025

# ക്വട്ടേഷൻ നോട്ടീസ്

ഏകദേശം 150 ജീവനക്കാർ ജോലി ചെയ്യുന്ന മിൽമയുടെ മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലെ ക്യാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തി പരിചയമുള്ളവർ, ഈ മേഖലയുമായി ബന്ധപെട്ടു പ്രവർത്തിക്കുന്ന കുടംബശ്രീ പ്രവർത്തകർ, മറ്റു സന്നദ്ധ സംഘടനകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് സർവീസ് മുതലായവ നടത്തി പരിചയമുള്ള കരാറുകാർ എന്നിവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

- അപേക്ഷ ഫോം 09.06.2025 തിയ്യതി മുതൽ ആയതിന്റെ വിലയായ 590/- രൂപ മാത്രം (ജി.എസ്.ടി.ഉൾപ്പടെ) ക്യാഷ് കൗണ്ടറിൽ അടച്ച് എച്ച്. ആർ. സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

- ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപായി Rs.2,500/-(രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരത ദ്രവ്യം അടക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കാത്ത പാർട്ടികളുടെ നിരത ദ്രവ്യം കരാർ ഉറപ്പിച്ച ശേഷം തിരികെ നൽകുന്നതാണ്.

- പൂരിപ്പിച്ച അപേക്ഷകൾ **20.06.2025 തിയ്യതി ഉച്ചയ്ക്ക് 2.30 മണിക്ക്** മുൻപായി മാനേജർ, മിൽമ കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ മുൻപാകെ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിരത ദ്രവ്യം അടച്ച രസീതും, യോഗ്യത, പരിചയം തെളിയിക്കുന്ന രേഖകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.

- സീൽ ചെയ്ത കവറിന് പുറത്തായി **"ക്യാന്റീൻ ക്വട്ടേഷൻ 2025-'26"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

- ക്വട്ടേഷനുകൾ **20.06.2025** തിയ്യതി **ഉച്ചയ്ക്ക് 3.00 മണിക്ക്** ഹാജരായ പാർട്ടികളുടെ മുൻപാകെ തുറക്കുന്നതാണ്.

- കരാർ ഏൽക്കുന്നയാൾ Rs.50,000/- (അമ്പതിനായിരം രൂപ മാത്രം) സെക്യൂരിറ്റി നിക്ഷേപമായി ഒടുക്കേണ്ടതും 26.06.2025 തിയ്യതി മുതൽ ക്യാന്റീൻ പ്രവർത്തനം തുടങ്ങേണ്ടതുമാണ്.

- കരാർ ഉറപ്പിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം മാനേജറിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ തിയ്യതി മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം ഫാക്ടറി മാനേജറിൽ നിക്ഷിപ്തമാണ്.

**ക്യാന്റീൻ പ്രവർത്തനം സംബന്ധിച്ച ആനുകൂല്യങ്ങൾ:**

- ക്യാന്റീൻ പ്രവർത്തനത്തിനായി വാടക ഈടാക്കില്ല.

- ഇലക്ട്രിസിറ്റി ബിൽ കമ്പനി തന്നെ വഹിക്കും.
- പാചകത്തിനുള്ള വെള്ളം സൗജന്യമായി ലഭിക്കും.
- പാചകത്തിനാവശ്യമായ പാത്രങ്ങൾ കമ്പനി സൗജന്യമായി നൽകും.
- മാസത്തിൽ ₹30,000/- രൂപ ക്യാന്റീൻ സബ്സിഡിയായി നൽകും.
- ശീതീകരിച്ച ഉൽപന്നങ്ങൾ സൂക്ഷിക്കുവാൻ ഫ്രീസർ സൗകര്യം സൗജന്യമായി നൽകപ്പെടും.
- പാചകത്തിന് ആവശ്യമായ മിൽമ പാൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതാണ്.

**<u>വ്യാപാര സാധ്യതകൾ</u>:**

- ക്യാന്റീൻ പ്ലാന്റ് ജീവനക്കാർക്ക് മാത്രമല്ല, മാനേജ്മെന്റിന്റെ അനുമതിയോടുകൂടി പൊതുജനങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.
- ക്യാന്റീന് സമീപമായി രണ്ടു ഐ.ടി.ഐ., ഒരു നഴ്സിംഗ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, ഗ്രാമപഞ്ചായത്ത് ഓഫീസ്, ഹെൽത്ത് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതിനാൽ അവിടങ്ങളിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും മറ്റു സന്ദർശകർക്കും ഭക്ഷണം ലഭ്യമാക്കുന്നതിലൂടെ നല്ലൊരു കച്ചവട സാധ്യത നിലനിൽക്കുന്നു.

K.C.M.M.F.LTD. MALAMPUZHA CATTLE FEED PLANT

മാനേജർ